5906
28/5/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി- മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണം - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ) നം .269 /2015/സാനീവ

തീയതി, തിരുവനന്തപുരം , 13.05 .2015

---

പരാമർശം : (1) 04.05.2012 ലെ സ.ഉ.(സാധാ)നം. 241/2012/സാക്ഷേവ.
(2) 20.04.2015 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഐസിഡിഎസ്/എ7- 22208/14 നമ്പർ കത്ത്.

**ഉത്തരവ്**

ഒരു നിയോജകമണ്ഡലത്തിൽ ഒന്നു വീതം എല്ലാ നിയോജകമണ്ഡലങ്ങളിലും നിർമ്മിക്കുന്ന മാതൃകാ അങ്കണവാടി പദ്ധതി പ്രകാരം മങ്കട നിയോജകമണ്ഡലത്തിൽ മങ്കട ഗ്രാമ പഞ്ചായത്തിലെ 6-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി ഉയർത്തുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ ടി അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി ഉയർത്തുന്നതിന് ആവശ്യമായ ഭൂമി ലഭ്യമായിട്ടില്ലായെന്നും ആയതിനാൽ മങ്കട ഗ്രാമപഞ്ചായത്തിലെ 28-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് മലപ്പുറം പ്രോഗ്രാം ഓഫീസർ, മങ്കട നിയോജകമണ്ഡലം എം.എൽ.എ എന്നിവർ അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ആയതിനാൽ പരാമർശം (1) ഉത്തരവിലെ മലപ്പുറം ജില്ലയിലെ മങ്കട നിയോജകമണ്ഡലത്തിലെ മങ്കട ഗ്രാമപഞ്ചായത്തിലെ 6-ാം നമ്പർ അങ്കണവാടിയെന്നത് ടി ഗ്രാമപഞ്ചായത്തിലെ 28-ാം നമ്പർ അങ്കണവാടി എന്നാക്കി ഭേദഗതി വരുത്തി ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പാരമർശം (1) ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള മാതൃകാ അങ്കണവാടികളുടെ ലിസ്റ്റിൽ നിന്നും മങ്കട നിയോജകമണ്ഡലത്തിലെ മങ്കട ഗ്രാമപഞ്ചായത്തിലെ 6-ാം നമ്പർ അങ്കണവാടിയെ ഒഴിവാക്കിയും പകരം ടി പഞ്ചായത്തിലെ 28-ാം നമ്പർ അങ്കണവാടിയെ ഉൾപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) പരാമർശം (1)-ലെ സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് .
വെബ് & ന്യു മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ